# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1136 29/9/2011 ൽ മറുപടിക്ക്

**<u>വട്ടോളി പാലം നബാർഡ് ധനസഹായത്താൽ നിർമ്മിക്കാൻ അനുമതി</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ഇ. പി. ജയരാജൻ** | | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്തുവകുപ്പു മന്ത്രി)** |
| (എ) | നടപ്പുസാമ്പത്തിക വർഷം നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുവാൻ അനുമതി ലഭിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവർത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | നടപ്പുസാമ്പത്തിക വർഷം നബാർഡ് ധനസഹായത്തോടെ അഞ്ച് പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. അവ<br>(1) പാലക്കാട് ജില്ലയിൽ അയിലൂർ അമ്പഴക്കടെച്ച പുതുവപ്പാടം റോഡ് പുനഃരുദ്ധാരണം.<br>(2) കൊട്ടാരക്കര മണ്ണടി റോഡ് പുന:രുദ്ധാരണം.(കൊല്ലം ജില്ല)<br>(3) തൃശ്ശൂർ ജില്ലയിൽ ഗായത്രി നദിക്കു കുറുകെ കൊണ്ടാഴി-കുത്തംപള്ളി പാലം.<br>(4) വയനാട് ജില്ലയിൽ കൊയിലേരി പാലവും അനുബന്ധ റോഡും.<br>(5) കണ്ണൂർ ജില്ലയിൽ മാമ്പറം പാലം. |
| (ബി) | നബാർഡിന്റെ അനുമതിക്കായി സമർപ്പിച്ച് അനുമതി കാത്തിരിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്നും എസ്റ്റിമേറ്റ് തുക എത്രയെന്നും വ്യക്തമാക്കുമോ ; | (ബി) | അനുമതി കാത്തിരിക്കുന്ന പ്രവർത്തികൾ നിലവിലില്ല. |
| (സി) | കണ്ണൂർ ജില്ലയിലെ വട്ടോളി പാലം നിർമ്മാണ പദ്ധതിക്ക് നബാർഡ് ധനസഹായം ലഭിക്കുന്നതിനാവശ്യമായ പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ? | (സി) | കണ്ണൂർ ജില്ലയിലെ വട്ടോളിപാലം നിർമ്മാണ പദ്ധതിക്ക് നബാർഡ് സഹായം ലഭിക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് മുന്നോടിയായി ഇൻവെസ്റ്റിഗേഷൻ, ലാന്റ് അക്വിസിഷൻ, മുതലായവ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ